പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :642 29.11. 2018 ൽ മറുപടിക്ക്

# വൈദ്യുതി നിരക്ക് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ.പി.കെ.ബഷീർ ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വിവിധ വിഭാഗങ്ങളിലായി വൈദ്യുതി നിരക്ക് കുടിശ്ശിക ഇനത്തിൽ ബോർഡിന് എത്ര തുകയാണ് പിരിഞ്ഞു കിട്ടാനുള്ളത് ; ആയതിൽ എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ട്; വിശദമാക്കാമോ; | (എ) വിവിധ വിഭാഗങ്ങളിലെ ഉപഭോക്താക്കളിൽ നിന്നായി കെ.എസ്.ഇ.ബി. എൽ-ന് 30.09.2018-ൽ ക്രോഡീകരിച്ച കണക്ക് പ്രകാരം 2580.33 കോടി രൂപ കുടിശ്ശിക കിട്ടാനുണ്ട്.<br>വൈദ്യുതി കുടിശ്ശികയിനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് പിരിച്ചെടുത്തിട്ടുള്ള കുടിശ്ശിക തുക 167 കോടി രൂപയാണ്. ഇതിൽ ഗവൺമെന്റ് സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റിതര ഉപഭോക്താക്കളുടെ കുടിശ്ശികകൾ 50 വർഷം മുതൽക്കുള്ളതും, വിവിധ കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ടിട്ടുള്ളവയുമാണ്. ടി തുകകൾ കോടതിയുടെ അന്തിമ വിധി നടപ്പിലാക്കുന്ന മുറയ്ക്ക് മാത്രമേ നിയമപരമായി പിരിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) ഏതൊക്കെവിഭാഗങ്ങളിൽ നിന്ന് എത്ര രൂപ വീതമാണ് പിരിഞ്ഞു കിട്ടാനുള്ളത്; ഇത് പിരിച്ചെടുക്കുന്നതിന് ബോർഡ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) 30.09.2018 – വരെ പിരിഞ്ഞ് കിട്ടാനുള്ള തുക താഴെ പറയും പ്രകാരമാണ്.<br>(1) സംസ്ഥാന സർക്കാർ വകുപ്പുകൾ - 94.83 കോടി<br>(2) കേരള വാട്ടർ അതോറിറ്റി പൊതുമേഖലാ സ്ഥാപനങ്ങൾ -1503.84 കോടി<br>(3) കേന്ദ്ര സർക്കാർ വകുപ്പുകൾ - 1.53 കോടി<br>(4) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ - 36.41 കോടി<br>(5) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - 4.39 കോടി<br>(6) സ്വകാര്യ മേഖല സ്ഥാപനങ്ങൾ - 939.33 കോടി<br>ആകെ 2580.33 കോടി<br>വിവിധ കോടതികളിൽ വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്ന |

| | |
|---|---|
| | കുടിശ്ശികയിൻമേൽ ബഹുമാനപ്പെട്ട കോടതികളുടെ അന്തിമ തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.<br><br>ശേഷമുള്ള തുക പിരിച്ചെടുക്കുന്നതിലേയ്ക്കായി കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ച്, കുടിശ്ശിക നോട്ടീസ് നൽകി ഡിസ്മാന്റിൽ ചെയ്ത്, റവന്യൂ റിക്കവറി നടപടി മുഖേനയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ മുഖേനയും ഉള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>കേരള വാട്ടർ അതോറിറ്റി പോലെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുമായി കുടിശ്ശിക സംബന്ധിച്ചുള്ള തീർപ്പിനായി ഗവൺമെന്റ് തലത്തിൽ മീറ്റിംഗുകളിൽ അവതരിപ്പിക്കുകയും, സ്ഥാപന മേലധികാരികളുമായി കത്തിടപാടുകൾ നടത്തുകയും ചെയ്തു വരുന്നു. |
| (സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ബോർഡിന് ലഭിക്കേണ്ട കുടിശിക തുക എത്ര; പ്രസ്തുത ഇനത്തിൽ ലഭിച്ച തുക എത്ര ; വിശദാംശം നൽകുമോ ; | (സി) ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ബോർഡിന് ലഭിക്കേണ്ട ഏകദേശം തുക 797.15 കോടി രൂപയാണ്. 31.08.2018 –വരെ പ്രസ്തുത ഇനത്തിൽ 2,41,61,609 രൂപ കുടിശ്ശികയാണ് പിരിച്ചെടുത്തിട്ടുള്ളത്. ഈ പദ്ധതിയുടെ കാലാവധി 31.12.2018 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ഡി) കോടതി വ്യവഹാരങ്ങളിൽപ്പെട്ട് മുടങ്ങിയിട്ടുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിവഴിയും, ജില്ലാതല, സംസ്ഥാനതല അദാലത്തുകൾ വഴിയും വ്യവഹാരങ്ങൾ പരിഹരിച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നു. |

സെക്ഷൻ ഓഫീസർ